ശബരിമല മീഡിയ സെന്റർ , സന്നിധാനം
16/11/2026

ശബരിമല: തിരക്ക് കൂടുമ്പോൾ വെർച്ച്വൽ ക്യൂ വഴിയുള്ള ബുക്കിംഗ് വർധിപ്പിക്കും – മന്ത്രി കെ.മുരളീധരൻ

മണ്ഡലമകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി ഭക്തർക്ക് സുഗമമായ ദർശനം ഉറപ്പാക്കാൻ വേണ്ട ക്രമീകരണങ്ങൾ എല്ലാം തന്നെ നടപ്പാക്കിയിട്ടുള്ളതായി ദേവസ്വം–ആരോഗ്യം വകുപ്പ് മന്ത്രി കെ.മുരളീധരൻ പറഞ്ഞു. വെർച്ച്വൽ ക്യൂ വഴി നിലവിൽ **60,000** ബുക്കിങ്ങും സ്പോട് ബുക്കിംഗ് വഴി **14,000** ത്തിനുമാണ് ഇപ്പോൾ അനുമതിയുള്ളത്. എന്നാൽ ഭക്തരുടെ തിരക്ക് വർധിക്കുന്ന വരും ദിവസങ്ങളിൽ കോടതിയുടെ കൂടി അനുമതിയോടെ ഇത് വർധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കും. ശബരിമല സന്നിധാനത്ത് ചൊവ്വാഴ്ച രാവിലെ ചേർന്ന ഉദ്യോഗസ്ഥരുടെയും ദേവസ്വംബോർഡ് ജീവനക്കാരുടെയും പോലീസിന്റെയും അവലോകന യോഗത്തിൽ പങ്കെടുത്ത ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി മുരളീധരൻ.

ശബരിമല ഇടത്താവളങ്ങളുടെ നടത്തിപ്പിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്കായി മുഖ്യമന്ത്രിയുടെ പ്രത്യേക താൽപര്യത്തിൽ **3.36** കോടി രൂപ അനുവദിച്ചിട്ടുണ്ട്.ശബരിമലയിൽ അപ്പം – അരവണ പ്രസാദങ്ങൾ നിലവിൽ ആവശ്യത്തിനുള്ള സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്.ആവശ്യത്തിന് അനുസരിച്ചു നിർമാണം വർധിപ്പിക്കുവാൻ വേണ്ട സജീകരണങ്ങൾ എല്ലാം ഉറപ്പാക്കിയിട്ടുണ്ട്.

ശുചീകരണ തൊഴിലാളികളുടെ സേവനം എല്ലായിടങ്ങളിലും ഉറപ്പാക്കിയിട്ടുണ്ട്.കൃത്യമായ ഇടവേളകളിൽ മാലിന്യ നീക്കം നടക്കുന്നുണ്ട് എന്ന് ഉറപ്പാക്കുവാൻ സെക്ടർ തിരിച്ചു ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടുണ്ട്.

ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സുഗമമായ തീർത്ഥാടനത്തിനായി സ്വാസ്ഥ്യം ശരണം പദ്ധതി നടപ്പാക്കിവരുന്നു. അഞ്ച് അലോപ്പതി ആശുപത്രികളും **24** എമർജൻസി മെഡിക്കൽ സെന്ററുകളും പമ്പ മുതൽ സന്നിധാനം വരെയായി സജ്ജീകരിച്ചിട്ടുണ്ട്.

5 കാർഡിയോളോജിസ്റ്റുകളുടെ ഉൾപ്പടെ **35** ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട് .അടിയന്തര സാഹചര്യം മുന്നിൽ കണ്ടു എല്ലാവിധ മരുന്നുകളും സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. എമർജൻസി മെഡിക്കൽ സെന്ററുകളിൽ പതിവിൽ നിന്ന് വിപരീതമായി പരിശീലനം ലഭിച്ച നഴ്സിംഗ് സ്റ്റാഫിനെയാണ് നിയോഗിച്ചിട്ടുള്ളത്.ഇതിനു പുറമെ **3** ഹെൽത്ത് ഇൻസ്പെക്ടർമാർ**,**ഡിസ്ട്രിക്ട് വെക്ടർ കണ്ട്രോൾ യൂണിറ്റ് **,**സ്റ്റേറ്റ് എന്റെമോളജി യൂണിറ്റ് എന്നിവയുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട് .നാല് തെറാപ്പിസ്റ്റുകളുടെ സേവനം ഉൾപ്പടെ **24** മണിക്കൂറും പ്രവർത്തിക്കുന്ന ആയുർവേദ വിഭാഗവും ഹോമിയപ്പതി വിഭാഗവും പ്രവർത്തന സജ്ജമാണ്.

തടസ്സരഹിതമായ കുടിവെള്ളം**,** കറണ്ട്

തടസ്സ രഹിതമായ ജലം **,**വൈദ്യുതി എന്നിവ ഉറപ്പാക്കാൻ ഉദ്യോഗസ്ഥരോട് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. ഏതെങ്കിലും വിധത്തിൽ തടസങ്ങൾ മനപ്പൂർവം ആരെങ്കിലും സൃഷ്ടിച്ചാൽ കർശന നടപടി സ്വീകരിക്കും .

മനുഷ്യ വന്യജീവി സംഘർഷം ഒഴിവാക്കുവാൻ വേണ്ട നടപടികൾ എല്ലാം സ്വീകരിച്ചിട്ടുണ്ട് . ആന്റി വെനം **,**ടാൻക്വിലൈസർ എന്നിവ കൃത്യമായി സ്റ്റോക് ചെയ്തിട്ടുണ്ട്.

ഹെൽത്ത് കാർഡുകൾ ഇത്തവണ കൃത്യമായി വിതരണം ചെയ്യും. **210** കാർഡുകൾ ഇതിനോടകം വിതരണം ചെയ്തു. പമ്പയിൽ ഭക്തർക്കായി **15** ആംബുലൻസുകളും നിലയ്ക്കലിൽ **10** ആംബുലൻസുകളും സജ്ജമാണ്.

മണ്ഡലകാലം മുഴുവൻ പരാതിരഹിതമായ പ്രവർത്തങ്ങൾ നടത്തുവാൻ എല്ലാ വകുപ്പുകളുടെയും ഏകോപനം ഉണ്ടാവണമെന്നും അദ്ദേഹം പറഞ്ഞു. തിരക്ക് വർധിക്കുന്നത് അനുസരിച്ച് ചുക്കുവെള്ളം, ബിസ്ക്കറ്റ് എന്നിവയുടെ ലഭ്യത ഉറപ്പാക്കാനും നിർദ്ദശിച്ചു.

പമ്പയിൽ വസ്ത്രം ഉപേക്ഷിക്കരുത്

പമ്പയിൽ കുളിക്കുന്ന അയ്യപ്പഭക്തർ കുളിച്ച ശേഷം വസ്ത്രം പുഴയിൽ ഉപേക്ഷിക്കുന്ന സ്വഭാവം വീണ്ടും തുടരുകയാണെന്നും ഇത് കർശനമായി നിരുത്സാഹപ്പെടുത്തേണ്ടതാണെന്ന് ദേവസ്വം പ്രസിഡന്റ് കെ.ജയകുമാർ യോഗത്തിൽ പറഞ്ഞു. ഇവിടെ വസ്ത്രങ്ങൾ നീക്കം ചെയ്യുന്നതിന് വെള്ളത്തിൽ ഇറങ്ങാൻ സന്നദ്ധരായ ആളുകളെ കൂടുതൽ നിയോഗിക്കും.

മൂന്നുമണിക്കൂർ കൂടുമ്പോഴെങ്കിലും മാലിന്യം നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അന്നദാനം നടക്കുന്ന ഇടങ്ങളിൽ സി.സി.ടി.വി വയ്ക്കുമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു.

ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.ജയകുമാർ, കോന്നി എം എൽ എ കെ യു ജനീഷ് കുമാർ ,മെമ്പർമാരായ അഡ്വ. കെ.രാജു ,അഡ്വ. പി.ഡി.സന്തോഷ് കുമാർ, എ ഡി ജി പി പി.വിജയൻ ,സന്നിധാനം സ്പെഷ്യൽ ഓഫീസർ ജി.ജയദേവ് ,ശബരിമല എ ഡി എം ദിലീപ് കെ.കൈനക്കര, എക്സിക്യൂട്ടീവ് ഓഫീസർ പി.എസ്. ശാന്തകുമാർ ,വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

Sabarimala: Virtual Queue Limits to Be Increased During Peak Rush, Subject to Court Approval – Minister K. Muraleedharan

The government has put in place comprehensive arrangements to ensure a smooth and hassle-free pilgrimage during the Mandala-

Makaravilakku season at Sabarimala. Minister for Devaswom and Health, K. Muraleedharan, stated that the number of virtual queue and spot booking slots would be increased during periods of heavy pilgrim inflow, subject to the approval of the court.

At present, 60,000 devotees are permitted to book darshan through the virtual queue system, while 14,000 slots are available for spot booking. Depending on the pilgrim turnout in the coming days, steps will be taken to enhance these limits with the necessary court approval. The Minister was speaking after attending a review meeting at Sannidhanam on Tuesday morning, attended by government officials, Devaswom Board representatives and police personnel.

3.36 Crore Allocated for Pilgrim Transit Centres

On the special initiative of the Chief Minister, ₹3.36 crore has been allocated to local self-government institutions for managing and maintaining idathavalams (pilgrim transit centres) along the Sabarimala pilgrimage route.

The Minister confirmed that sufficient stocks of appam and aravana prasadam are available at Sabarimala. Arrangements have also been made to increase production whenever necessary to meet the rising demand.

Sanitation services have been strengthened across all locations. Officials have been assigned specific areas of responsibility to ensure regular waste clearance and maintain cleanliness throughout the pilgrimage season.

Healthcare Under 'Swasthyam Saranam

The Health Department is implementing the 'Swasthyam Saranam' initiative to ensure comprehensive medical support for pilgrims. Five

allopathic hospitals and 24 emergency medical centres have been established along the route from Pamba to Sannidhanam.

The services of 35 doctors, including five cardiologists, have been arranged. Adequate stocks of essential medicines have been ensured to meet emergency requirements. For the first time, trained nursing personnel have also been deployed at emergency medical centres.

In addition, three health inspectors, the District Vector Control Unit and the State Entomology Unit have been deployed. Ayurveda and Homoeopathy services are also functioning round the clock, with four therapists available to provide assistance.

Uninterrupted Drinking Water and Electricity

The Minister directed officials to ensure an uninterrupted supply of drinking water and electricity throughout the pilgrimage season. Strict action will be taken against anyone found deliberately disrupting these essential services.

Measures have also been strengthened to prevent human-wildlife conflict. Adequate stocks of anti-venom medicines and tranquillizers have been maintained to handle emergencies.

Health cards will be distributed to pilgrims in a systematic manner, with 210 cards already issued. A total of 15 ambulances have been stationed at Pamba and 10 at Nilakkal to provide emergency medical assistance.

Emphasising the importance of interdepartmental coordination, the Minister directed officials to ensure seamless services throughout the Mandala season. He also instructed that sufficient quantities of chukku vellam (dried ginger water) and biscuits be made available as pilgrim numbers increase.

Devotees Urged Not to Leave Clothes in Pamba River

Devaswom Board President K. Jayakumar urged devotees to refrain from leaving their clothes in the Pamba River after taking a holy dip. He directed that additional personnel capable of carrying out

operations in the water be deployed to remove discarded clothes and maintain the cleanliness of the river.

He also instructed officials to ensure that waste is cleared at intervals of not more than three hours. CCTV cameras will be installed in areas where annadanam (free food distribution) is conducted to strengthen monitoring and management.

Officials Attend Review Meeting

The meeting was attended by Devaswom Board President K. Jayakumar, Konni MLA K.U. Janeesh Kumar, Board Members Adv. K. Raju and Adv. P.D. Santhosh Kumar, ADGP P. Vijayan, Sannidhanam Special Officer G. Jayadev, Sabarimala ADM Dileep K. Kainakkara, Executive Officer P.S. Santhakumar, and representatives of various government departments.

सबरीमाला: पीक रश के दौरान वर्चुअल क्यू की लिमिट बढ़ाई जाएगी, कोर्ट की मंज़ूरी पर निर्भर – मंत्री के. मुरलीधरन

सरकार ने सबरीमाला में मंडला-मकरविलक्कू सीज़न के दौरान तीर्थयात्रा को आसान और बिना किसी परेशानी के पक्का करने के लिए पूरे इंतज़ाम किए हैं। देवस्वोम और हेल्थ मंत्री, के. मुरलीधरन ने कहा कि ज़्यादा तीर्थयात्रियों के आने के समय वर्चुअल क्यू और स्पॉट बुकिंग स्लॉट की संख्या बढ़ाई जाएगी, जो कोर्ट की मंज़ूरी पर निर्भर करेगा।

अभी, 60,000 भक्तों को वर्चुअल क्यू सिस्टम के ज़रिए दर्शन बुक करने की इजाज़त है, जबकि स्पॉट बुकिंग के लिए 14,000 स्लॉट उपलब्ध हैं। आने वाले दिनों में तीर्थयात्रियों की संख्या के आधार पर, कोर्ट की ज़रूरी मंज़ूरी से इन लिमिट को बढ़ाने के लिए कदम उठाए जाएंगे। मंत्री मंगलवार सुबह सन्निधानम में एक रिव्यू मीटिंग में शामिल होने के बाद बोल रहे थे, जिसमें सरकारी अधिकारी, देवस्वोम बोर्ड के प्रतिनिधि और पुलिस वाले शामिल हुए थे।

तीर्थयात्री ट्रांज़िट सेंटर के लिए 3.36 करोड़ दिए गए

मुख्यमंत्री की खास पहल पर, सबरीमाला तीर्थयात्रा रूट पर दथवलम (तीर्थयात्री ट्रांज़िट सेंटर) को मैनेज और मेंटेन करने के लिए लोकल सेल्फ-गवर्नमेंट संस्थाओं को ₹3.36 करोड़ दिए गए हैं।

मंत्री ने कन्फर्म किया कि सबरीमाला में अप्पम और अरवण प्रसादम का काफी स्टॉक मौजूद है। बढ़ती डिमांड को पूरा करने के लिए जब भी ज़रूरत हो, प्रोडक्शन बढ़ाने का भी इंतज़ाम किया गया है।

सभी जगहों पर सफ़ाई सेवाओं को मज़बूत किया गया है। अधिकारियों को ज़िम्मेदारी के खास एरिया दिए गए हैं ताकि वे रेगुलर कचरा साफ़ कर सकें और पूरे तीर्थयात्रा सीज़न में सफ़ाई बनाए रख सकें।

'स्वास्थ्यम शरण' के तहत हेल्थकेयर

हेल्थ डिपार्टमेंट तीर्थयात्रियों को पूरी मेडिकल मदद देने के लिए 'स्वास्थ्यम शरणम' पहल को लागू कर रहा है। पंबा से सन्निधानम तक के रूट पर पांच एलोपैथिक हॉस्पिटल और 24 इमरजेंसी मेडिकल सेंटर बनाए गए हैं।

पांच कार्डियोलॉजिस्ट समेत 35 डॉक्टरों की सेवाओं का इंतज़ाम किया गया है। इमरजेंसी ज़रूरतों को पूरा करने के लिए ज़रूरी दवाओं का काफ़ी स्टॉक पक्का किया गया है। पहली बार, इमरजेंसी मेडिकल सेंटर पर ट्रेंड नर्सिंग स्टाफ़ को भी तैनात किया गया है।

इसके अलावा, तीन हेल्थ इंस्पेक्टर, डिस्ट्रिक्ट वेक्टर कंट्रोल यूनिट और स्टेट एंटोमोलॉजी यूनिट को भी तैनात किया गया है। आयुर्वेद और होम्योपैथी सर्विस भी चौबीसों घंटे काम कर रही हैं, जिसमें मदद के लिए चार थेरेपिस्ट मौजूद हैं।

पीने का पानी और बिजली की सप्लाई लगातार जारी रहे

मंत्री ने अधिकारियों को निर्देश दिया कि वे पूरे तीर्थयात्रा सीज़न में पीने के पानी और बिजली की सप्लाई लगातार जारी रखें। जो कोई भी जानबूझकर इन ज़रूरी सर्विस में रुकावट डालता पाया जाएगा, उसके ख़िलाफ़ सख़्त कार्रवाई की जाएगी।

इंसान-जानवरों के बीच टकराव को रोकने के लिए भी कदम मज़बूत किए गए हैं। इमरजेंसी से निपटने के लिए एंटी-वेनम दवाइयों और ट्रैंक्विलाइज़र का काफ़ी स्टॉक रखा गया है।

तीर्थयात्रियों को हेल्थ कार्ड सिस्टमैटिक तरीके से बांटे जाएंगे, जिनमें से 210 कार्ड पहले ही जारी किए जा चुके हैं। इमरजेंसी मेडिकल मदद देने के लिए पंबा में कुल 15 और निलक्कल में 10 एम्बुलेंस तैनात की गई हैं।

इंटरडिपार्टमेंटल कोऑर्डिनेशन के महत्व पर ज़ोर देते हुए, मंत्री ने अधिकारियों को पूरे मंडला सीज़न में बिना रुकावट सर्विस पक्का करने का निर्देश दिया। उन्होंने यह भी निर्देश दिया कि जैसे-जैसे तीर्थयात्रियों की संख्या बढ़ेगी, चुक्कू वेल्लम (सूखे अदरक का पानी) और बिस्कुट काफ़ी मात्रा में उपलब्ध कराए जाएं।

भक्तों से पंबा नदी में कपड़े न छोड़ने की अपील

देवस्वोम बोर्ड के प्रेसिडेंट के. जयकुमार ने भक्तों से पवित्र डुबकी लगाने के बाद पंबा नदी में अपने कपड़े न छोड़ने की अपील की। उन्होंने निर्देश दिया कि पानी में ऑपरेशन करने में सक्षम अतिरिक्त कर्मचारियों को फेंके गए कपड़ों को हटाने और नदी की सफ़ाई बनाए रखने के लिए तैनात किया जाए।

उन्होंने अधिकारियों को यह भी निर्देश दिया कि यह पक्का करें कि कचरा तीन घंटे से ज़्यादा के अंतराल पर साफ़ न किया जाए। जिन इलाकों में अन्नदानम (मुफ़्त खाना बांटना) किया जाता है, वहां मॉनिटरिंग और मैनेजमेंट को मज़बूत करने के लिए CCTV कैमरे लगाए जाएंगे।

अधिकारियों ने रिव्यू मीटिंग में हिस्सा लिया

मीटिंग में देवस्वोम बोर्ड के प्रेसिडेंट के. जयकुमार, कोन्नी MLA के.यू. जनेश कुमार, बोर्ड मेंबर एडवोकेट के. राजू और एडवोकेट पी.डी. शामिल हुए। संतोष कुमार, ADGP पी. विजयन, सन्निधानम के स्पेशल ऑफिसर जी. जयदेव, सबरीमाला के ADM दिलीप के. कैनक्करा, एग्जीक्यूटिव ऑफिसर पी.एस. संथाकुमार और अलग-अलग सरकारी डिपार्टमेंट के रिप्रेजेंटेटिव शामिल हुए।